നടന്നുവരുന്നത്. ഈ സാമ്പത്തികവർഷം സഞ്ചരിക്കുന്ന മൃഗാശുപത്രിക്കുവേണ്ടി ഒരു പുതിയ മോട്ടോർ ബോട്ട് വാങ്ങുന്നതിന് 7,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി). കുട്ടനാട് പ്രദേശം ഉൾക്കൊള്ളുന്ന ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന ജില്ലാ വെറ്ററിനറി കേന്ദ്രം - 1, വെറ്ററിനറി ഡിസ്പെൻസറി - 36, വെറ്ററിനറി പോളി ക്ലിനിക്ക് - 4 എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്ന് ആലപ്പുഴ ജില്ലയിൽ നിന്നും 22-9-2010-ൽ വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ കുട്ടനാട് മേഖല ഉൾപ്പെടുന്ന ആറ് കേന്ദ്രങ്ങളായ വെറ്ററിനറിപോളിക്ലിനിക്ക് - 1, മൃഗാശുപത്രി -1, വെറ്ററിനറി ഡിസ്പെൻസറി - 4 എന്നീ സ്ഥാപനങ്ങൾക്ക് 2010 ജൂൺ മാസവും ആഗസ്റ്റ് മാസവും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുട്ടനാട് മേഖലയുൾപ്പെടുന്ന 27 സ്ഥാപനങ്ങളായ ജില്ലാ വെറ്ററിനറി കേന്ദ്രം - 1, വെറ്ററിനറി പോളിക്ലിനിക്ക് - 1, വെറ്ററിനറി ഹോസ്പിറ്റൽ - 5, വെറ്ററിനറി ഡിസ്പെൻസറി - 20 എന്നിവയ്ക്ക് 24-6-2010-ലും 27-9-2010-ലും ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളമുള്ള മൃഗാശുപത്രികളിൽ മരുന്നുകൾ വാങ്ങുന്നതിന് ഒൻപതരക്കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കുഴൂരിലെ കോഴിത്തീറ്റ ഫാക്ടറിയും കേരളാ ഫീഡ്സിന്റെ പ്രവർത്തനവും

127 (193) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള മണ്ഡലത്തിലെ കുഴൂരിൽ കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും ഉൽപ്പാദനത്തിൽ സ്വയം പര്യാപതത നേടുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി കുഴൂരിൽ കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലിത്തീറ്റയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി മാറ്റി ആവശ്യമായ കാലിത്തീറ്റ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഫീഡ്സിന്റെ സ്ഥാപനങ്ങളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) ഇതിന്റെ ഭാഗമായി കല്ലേറ്റുകരയിലെ കേരള ഫീഡ്സിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാള മണ്ഡലത്തിൽ നിലവിലുള്ള കോഴിത്തീറ്റ ഫാക്ടറിക്കായി പണിത ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടഭാഗങ്ങൾ പൂർണ്ണമായി പണിത് കോഴിത്തീറ്റ ഫാക്ടറി ആരംഭിക്കാൻ ആർ.കെ.വി.വൈ പദ്ധതി പ്രകാരം സഹായത്തിനു ശ്രമിച്ചുവെങ്കിലും അനുമതി ലഭിക്കാത്തതിനാൽ ഈ ഫാക്ടറി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇപ്പോൾ കൊല്ലം ജില്ലയിൽ കൊട്ടിയത്ത് ഒരു കോഴിത്തീറ്റ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. അതിനു പുറമേ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ മണിക്കൂറിൽ 8 മെട്രിക്ക് ടൺ തീറ്റ നിർമ്മിക്കാൻ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. 2011 ജനുവരി മാസത്തിൽ ഈ പ്ലാന്റിൽ നിന്നും വ്യാവസായികാടിസ്ഥാനത്തിൽ തീറ്റനിർമ്മാണം ആരംഭിക്കുന്നതാണ്. ഇതോടുകൂടി സംസ്ഥാനത്തെ കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ കോഴിത്തീറ്റ ലഭ്യമാക്കാൻ സാധിക്കും. ഈ സാഹചര്യത്തിൽ മാളയിൽ അടിയന്തരമായി കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കേണ്ട ആവശ്യം ഇപ്പോൾ ഉണ്ടാകുന്നില്ല.

(സി) കരുനാഗപ്പള്ളിയിലെ 300 TPD ഉല്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റ്, മലപ്പുറം ജില്ലയിലെ ആതവനാട് ധാതുലവണ മിശ്രിത നിർമ്മാണ യൂണിറ്റ്, പാലക്കാട് മുതലമടയിൽ സമ്പുഷ്ടീകരിച്ച വൈയ്ക്കോൽക്കട്ട നിർമ്മാണയൂണിറ്റ് എന്നീ പ്രോജക്ടുകൾക്ക് തുടക്കമിട്ടു. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു.

(ഡി) കല്ലേറ്റുംകരയിലുള്ള കേരള ഫീഡ്സ് ലിമിറ്റഡിന്റെ യൂണിറ്റിലെ കാലിത്തീറ്റയുടെ പ്രതിദിന ഉല്പാദനശേഷി 500 മെട്രിക് ടണ്ണിൽ നിന്നും 650 മെട്രിക് ടണ്ണായി ഉയർത്തിയിട്ടുണ്ട്. കൂടാതെ കേരള ഫീഡ്സ് ലിമിറ്റഡ് ക്ഷീര കർഷകർക്ക് മിതമായ വിലയ്ക്കും പ്രത്യേക വിലക്കിഴിവിലും കാലിത്തീറ്റ വിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly